**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 407** **01-11-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ ലംഘനത്തിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ് | | **Shri Ahammad Devarkovil**<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ ആദ്യഘട്ട നിർമ്മാണ കാലയളവ് പൂർത്തിയായി ഒന്നര വർഷം കഴിഞ്ഞിട്ടും ആദ്യഘട്ട നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ കരാർ പ്രകാരം കമ്പനിയിൽ നിന്നും പ്രതിദിനം പന്ത്രണ്ട് ലക്ഷം രൂപ പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി കമ്പനിയുമായി ഉണ്ടാക്കിയ കൺസഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം, ആദ്യഘട്ട നിർമ്മാണ കാലയളവായ 4 വർഷം ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. 2019 ഡിസംബർ 3 ന് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട തായിരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരി ക്കാൻ സാധിക്കാത്ത പക്ഷം ആദ്യത്തെ 90 ദിവസം പിഴ ഈടാക്കാതെയും, തുടർന്നുള്ള ക്യൂർ പീരിയഡിൽ 12 ലക്ഷം രൂപ പ്രതിദിനം പിഴയോടുകൂടിയും, നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രേയ്സ് പീരിയഡ് കൂടാതെ കോവിഡ് 19 മഹാമാരിമൂലമുണ്ടായ ദേശീയ ലോക്ക് ഡൗൺ കാരണം നഷ്ടമായ 34 തൊഴിൽ ദിനങ്ങൾ കൂടി അധികമായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ 90 ദിവസത്തെ ഗ്രെയ്സ് പീരിയഡ്, 34 ദിവസത്തെ ലോക്ക് ഡൗൺ കാരണം നഷ്ടമായ തൊഴിൽ ദിനങ്ങൾ കൂടി ചേർത്തതിനുശേഷമാണ് പിഴ ഈടാക്കേണ്ടത്. കരാറിലെ വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കരാർ കമ്പനിക്ക് 2020 മാർച്ച് രണ്ടിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് തീയതി മുതൽ പിഴ ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി കമ്പനിയുമായി ഉണ്ടാക്കിയ കൺസഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം, ആദ്യഘട്ട നിർമ്മാണ കാലയളവായ 4 വർഷം ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. 2019 ഡിസംബർ 3 ന് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട തായിരുന്നു. പദ്ധതി |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പൂർത്തീകരി ക്കാൻ സാധിക്കാത്ത പക്ഷം ആദ്യത്തെ 90 ദിവസം പിഴ ഈടാക്കാതെയും, തുടർന്നുള്ള ക്യൂർ പീരിയഡിൽ 12 ലക്ഷം രൂപ പ്രതിദിനം പിഴയോടുകൂടിയും, നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രേയ്സ് പീരിയഡ് കൂടാതെ കോവിഡ് 19 മഹാമാരിമൂലമുണ്ടായ ദേശീയ ലോക്ക് ഡൗൺ കാരണം നഷ്ടമായ 34 തൊഴിൽ ദിനങ്ങൾ കൂടി അധികമായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ 90 ദിവസത്തെ ഗ്രെയ്സ് പീരിയഡ്, 34 ദിവസത്തെ ലോക്ക് ഡൗൺ കാരണം നഷ്ടമായ തൊഴിൽ ദിനങ്ങൾ കൂടി ചേർത്തതിനുശേഷമാണ് പിഴ ഈടാക്കേണ്ടത്. കരാറിലെ വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കരാർ കമ്പനിക്ക് 2020 മാർച്ച് രണ്ടിന് നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് അദാനി കമ്പനിക്കെതിരെ കരാർ പ്രകാരമുള്ള നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ അവ എന്തായിരുന്നുവെന്നും വിശദമാക്കാമോ; | (സി) | കരാർ വ്യവസ്ഥയനുസരിച്ച് 2019 ഡിസംബർ -3 ന് പദ്ധതി പൂർത്തിയാക്കാത്തതിനാൽ കരാർ ലംഘനം (Default) സംബന്ധിച്ച് 2019 ഡിസംബർ - 4 നും ഡിസംബർ - 21 നും കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും ക്യൂർ പീരിയഡിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് 2020 മാർച്ച് - 2 ന് പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകി. |
| (ഡി) | പ്രശ്ന പരിഹാരത്തിനുള്ള ആർബിട്രേഷൻ നടപടികളിൽ കമ്പനിയുടെയും സർക്കാരിന്റെയും നിലപാടുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | കരാറിലെ വ്യവസ്ഥ പ്രകാരം പിഴ ഈടാക്കുന്നതിന് നിർമ്മാണ കമ്പനിക്ക് നോട്ടീസ് നൽകിയതിനെ തുടർന്ന് നിർമ്മാണ കമ്പനി ആർബിട്രേഷനെ സമീപിച്ചിരിക്കുകയാണ്. പദ്ധതി പൂർത്തീകരണത്തിന്റെ നിർമ്മാണ കാലയളവിലെ ഓഖി ചുഴലിക്കാറ്റ്, കടൽക്ഷോഭം, കോവിഡ് മഹാമാരി, പ്രളയം തുടങ്ങിയ കാരണങ്ങൾ ഉന്നയിച്ച് 5 വർഷം നീട്ടി നൽകണമെ ന്നതും 3855 കോടി രൂപയുടെ ക്ലെയിമുകളുമാണ് നിർമ്മാണ കമ്പനി ആർബിട്രേഷനിൽ അപേക്ഷി ച്ചിട്ടുള്ളത്. ഓഖി ചുഴലിക്കാറ്റും കടൽക്ഷോഭവും പ്രളയ സാധ്യതയും പദ്ധതി നടത്തിപ്പിന് വിഘാതങ്ങൾ സൃഷ്ടിച്ചിട്ടില്ലെന്നും കോവിഡ് മഹാമാരി പ്രകാരം നഷ്ടമായിട്ടുള്ള തൊഴിൽ ദിനങ്ങൾ കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും, പദ്ധതി പൂർത്തീകരണത്തിന് വിഘാതമായിട്ടുള്ളത് പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ ശേഖരിക്കുന്നതിൽ, കമ്പനിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് കാരണമായിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടി സർക്കാർ Defense and Counter Claim |

| | | | |
|---|---|---|---|
| | | | Statement ആർബിട്രേഷൻ പാനലിന് മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ